ചുരുക്കത്തിൽ

ഉത്തരകൊറിയയിൽ ആദ്യമായി കോവിഡ്; അടച്ചിടൽ

പോങ്യാങ്

ഉത്തരകൊറിയയിൽ ആദ്യമായി കോവിഡ് സ്ഥിരീകരിച്ചു. പിന്നാലെ ഭരണാധികാരി കിം ജോങ് ഉൻ രാജ്യത്ത് അടച്ചിടൽ ഏർപ്പെടുത്തി. തലസ്ഥാനമായ പോങ്യാങ്ങിൽ പനി ബാധിച്ചവരിൽ നടത്തിയ പരിശോധനയിലാണ് ഒമിക്രോൺ വകഭേദം സ്ഥിരീകരിച്ചതെന്ന് കൊറിയൻ സെൻട്രൽ ന്യൂസ് ഏജൻസി റിപ്പോർട്ട് ചെയ്തു. വൈറസ് വ്യാപനം തടയാൻ ജോലിസ്ഥലങ്ങൾ യൂണിറ്റുകളാക്കി ഒറ്റതിരിക്കും.

ഗോവയിൽ പന്ത്രണ്ടുകാരിയായ റഷ്യൻ പെൺകുട്ടി ബലാത്സംഗത്തിനിരയായി

പനജി

വടക്കൻഗോവയിലെ റിസോർട്ടിൽ പന്ത്രണ്ടുകാരിയായ റഷ്യൻ പെൺകുട്ടി ബലാത്സംഗത്തിനിരയായി. റിസോർട്ടിൽ പരിചാരകനായി ജോലി ചെയ്തിരുന്ന കർണാടക സ്വദേശി രവി ലമണി (28) അറസ്റ്റിൽ. അരംബോളിലെ റിസോർട്ടിൽ അമ്മയ്ക്കൊപ്പം താമസിച്ച പെൺകുട്ടിയാണ് പീഡിപ്പിക്കപ്പെട്ടത്. സാധനങ്ങൾ വാങ്ങാനായി താൻ പുറത്തുപോയപ്പോൾ പ്രതി മകളെ നീന്തൽക്കുളത്തിൽ ഉപദ്രവിക്കാൻ ശ്രമിച്ചെന്നും റൂമിൽ എത്തിച്ച് ബലാത്സംഗത്തിന് ഇരയാക്കിയെന്നുമാണ് അമ്മയുടെ പരാതി. പ്രതിയെ സ്വന്തംസ്ഥലമായ കർണാടകയിലെ ഗഡാഗിൽനിന്നാണ് പിടികൂടിയത്.

താജ്മഹലിലെ പൂട്ടിക്കിടക്കുന്ന മുറി തുറക്കേണ്ട

- രൂക്ഷവിമർശത്തോടെ ബിജെപി നേതാവിന്റെ ഹർജി തള്ളി അലഹബാദ് ഹൈക്കോടതി

സ്വന്തം ലേഖകൻ

ന്യൂഡൽഹി

താജ്മഹലിലെ പൂട്ടിക്കിടക്കുന്ന 22 മുറികളിൽ ഹിന്ദു വിഗ്രഹമുണ്ടെന്നും പരിശോധനയ്ക്ക് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സമിതി രൂപീകരിക്കണമെന്നുമുള്ള ബിജെപി നേതാവിന്റെ ഹർജി അലഹബാദ് ഹൈക്കോടതി തള്ളി. ചരിത്രപരമായ കാര്യം തീരുമാനിക്കുന്നത് കോടതിയല്ല, ചരിത്രകാരന്മാരാണെന്നും ജസ്റ്റിസ് ഡി കെ ഉപാധ്യായയും സുഭാഷ് വിദ്യാർഥിയും അടങ്ങിയ ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. ഹർജിക്കാരനായ രാജ്നീഷ് സിങ്ങിനെ കോടതി രൂക്ഷമായി വിമർശിച്ചു. 'നാളെ നിങ്ങൾ ഈ കോടതിയിലെ ജഡ്ജിമാരുടെ ചേംബർ പരിശോധിക്കാൻ ആവശ്യപ്പെടില്ലേ'യെന്ന് കോടതി ചോദിച്ചു.

താജ്മഹൽ പുരാതന ശിവക്ഷേത്രമായ തേജോ മഹളാണെന്നാണ് ഹർജിക്കാരന്റെ വാദം. ഇവയെല്ലാം നീതീകരിക്കാനാകാത്ത വാദമാണെന്നും നിങ്ങൾ വിശ്വസിക്കുന്ന ചരിത്രത്തിലേക്ക് കോടതിയെ വലിച്ചിഴയ്ക്കരുതെന്നും ഡിവിഷൻ ബെഞ്ച് പറഞ്ഞു.

ജ്ഞാൻവ്യാപി മസ്ജിദ് വീഡിയോ സർവേ 17ന് പൂർത്തിയാക്കണം

വാരാണസി

കാശി വിശ്വനാഥ ക്ഷേത്രത്തിന് തൊട്ടടുത്തുള്ള ജ്ഞാൻവ്യാപി മസ്ജിദ് സമുച്ചയത്തിന്റെ വീഡിയോ സർവേ നടത്താൻ കോടതി നിയോഗിച്ച അഭിഭാഷക കമീഷണറെ മാറ്റണമെന്ന ഹർജി ജില്ലാ കോടതി തള്ളി. സർവേ 17ന് പൂർത്തിയാക്കാനും നിർദേശിച്ചു.

സർവേ നടത്താൻ നിയോഗിക്കപ്പെട്ട കോടതി ഉദ്യോഗസ്ഥൻ അജയ് കുമാർ മിശ്ര നിഷ്പക്ഷനല്ലെന്ന് ചൂണ്ടിക്കാട്ടി മസ്ജിദ് ഭരണസമിതിയാണ് കോടതിയെ സമീപിച്ചത്.പള്ളിയുടെ പടിഞ്ഞാറുഭാഗത്തെ മതിലിന് പിന്മഭാഗത്തുള്ള ചെറുകോവിലിൽ വർഷംമുഴുവൻ പൂജനടത്താൻ അനുവദിക്കണമെന്ന ഹർജിയിലാണ് സ്ഥലപരിശോധനയ്ക്കായി വീഡിയോ സർവേ നടത്താൻ കോടതി ഉത്തരവിട്ടത്. വർഷത്തിലൊരിക്കൽ പൂജ നടത്താനാണ് ഇപ്പോൾ അനുമതിയുള്ളത്.

മസ്ജിദിന്റെ പരിസരമാണ് വീഡിയോയിൽ പകർത്തേണ്ടത്. എന്നാൽ കോടതി ഉദ്യോഗസ്ഥൻ മസ്ജിദിന്റെ ഉൾഭാഗവും പകർത്താൻ ശ്രമിച്ചെന്ന് പള്ളി ഭാരവാഹികൾ ആരോപിച്ചു.

മദ്രസകളിൽ ദേശീയഗാനം നിർബന്ധമാക്കി ഉത്തർപ്രദേശ്

ലഖ്നൗ

ഉത്തർപ്രദേശിലെ എല്ലാ മദ്രസകളിലും വ്യാഴംമുതൽ ദേശീയഗാനം ആലപിക്കുന്നത് നിർബന്ധമാക്കി. ഉത്തർപ്രദേശ് മദ്രസ വിദ്യാഭ്യാസ ബോർഡ് രജിസ്ട്രാറാണ് എല്ലാ ജില്ലാ ന്യൂനപക്ഷ ക്ഷേമ ഓഫീസർമാർക്കും മെയ് ഒമ്പതിന് ഇത് സംബന്ധിച്ച ഉത്തരവ് നൽകിയത്.

സംസ്ഥാനത്തെ എല്ലാ അംഗീകൃത, എയ്ഡഡ്, അൺ എയ്ഡഡ് മദ്രസകളിലും വരുന്ന അക്കാദമിക് സെഷൻ മുതൽ അധ്യാപകരും വിദ്യാർഥികളും ദേശീയഗാനം ആലപിക്കണമെന്ന് ഉത്തരവിൽ പറയുന്നു.

രജപക്സെമാർക്ക് രക്ഷപ്പെടാനുള്ള നീക്കം

കൊളംബോ

ശ്രീലങ്കൻ പ്രസിഡന്റ് ഗോതബായ രജപക്സെയ്ക്ക് മുന്നിൽ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്ന റനിൽ വിക്രമസിംഗെ

വിക്രമസിംഗെയെ പ്രധാനമന്ത്രിയായി നിയമിച്ചതിൽ രൂക്ഷവിമർശവുമായി ലങ്കയിലെ പ്രതിപക്ഷവും പൗരപ്രമുഖരും. സാമ്പത്തിക പ്രതിസന്ധിയിൽ ആഭ്യന്തര കലാപമുണ്ടാകുകയും അരക്ഷിതാവസ്ഥയിലാകുകയും ചെയ്ത രാജ്യത്ത് വിക്രമസിംഗെയുടെ നിയമനംകൊണ്ട് മാറ്റമുണ്ടാകില്ലെന്നാണ് വിമർശം.

രജപക്സെമാരുടെ സംരക്ഷണം ലക്ഷ്യമാക്കിയാണ് വിക്രമസിംഗെയെ നിയമിച്ചതെന്ന് പ്രമുഖ ബുദ്ധ സന്യാസി ഒമൽപെ സോബിത തേരോ പറഞ്ഞു. വിക്രമസിംഗെയും രജപക്സെമാരും പരസ്പരം സംരക്ഷിക്കുകയാണെന്ന് ഇടതുപക്ഷ പാർടിയായ ജനതാ വിമുക്തി പെരമുന (ജെവിപി) നേതാവ് അനുര കുമാര ദിസനായകെ പറഞ്ഞു.

ജനങ്ങൾക്ക് വേണ്ടത് സത്യസന്ധതയുള്ള വ്യക്തിയെയാണെന്നും പരാജയപ്പെട്ട ആളെയല്ലെന്നും കൊളംബോ ആർച്ച് ബിഷപ് കർദിനാൾ മാൽക്കം രഞ്ജിത്തിനെ ഉദ്ധരിച്ച് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. പ്രസിഡന്റ് അധികാരം ദുർവിനിയോഗം ചെയ്തെന്നും രാജി വയ്ക്കണമെന്നും തമിഴ് നാഷണൽ അലയൻസ് എംപി എം എ സുമന്തിരൻ പറഞ്ഞു.

ശ്രീലങ്കയിലെ പുതിയ സർക്കാരുമായി നല്ല നിലയിൽ പ്രവർത്തിക്കാനാകുമെന്നാണ് പ്രതീക്ഷയെന്ന് ഇന്ത്യൻ ഹൈക്കമീഷണർ പ്രതികരിച്ചു.

രജപക്സെ രാജ്യം വിടുന്നത് വിലക്കി

കൊളംബോ

ശ്രീലങ്കൻ മുൻ പ്രധാനമന്ത്രി മഹിന്ദ രജപക്സെയ്ക്ക് രാജ്യം വിടുന്നതിന് കോടതി വിലക്ക്. മകനും എംപിയുമായ നമൽ രജപക്സെയ്ക്കും മറ്റ് 15 പേർക്കും കോടതി യാത്രാവിലക്കേർപ്പെടുത്തി. സർക്കാരിനെതിരെ സമരം ചെയ്തവരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഭാഗമായാണ് നടപടി. എല്ലാവരോടും പാസ്പോർട്ട് ഹാജരാക്കാനും ഫോർട്ട് മജിസ്ട്രേട്ട് കോടതി ആവശ്യപ്പെട്ടു. ഭരണപക്ഷത്തെ എസ്എൽപിപി എംപിമാരായ 13 പേർ ഉൾപ്പെടെയാണ് അന്വേഷണത്തിനായി രാജ്യത്ത് തുടരേണ്ടത്.

നാറ്റോയിൽ ചേരുമെന്ന് ഫിൻലൻഡ്

ഹെൽസിങ്കി

നാറ്റോയിൽ അംഗത്വത്തിന് ഉടൻ അപേക്ഷിക്കുമെന്ന് ഫിൻലൻഡ് പ്രസിഡന്റ് സൗലി നിനിസ്റ്റോയും പ്രധാനമന്ത്രി സന്ന മരിനും സംയുക്ത പ്രസ്താവനയിറക്കി. ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ ഫിൻലൻഡും സ്വീഡനും സന്ദർശിച്ച് സൈനിക കരാർ ഒപ്പിട്ടതിന് പിന്നാലെയാണ് പ്രസ്താവന. എന്നാൽ വടക്ക് പടിഞ്ഞാറൻ അതിർത്തിരാജ്യമായ ഫിൻലൻഡ് പാശ്ചാത്യസൈനികമുന്നണിയിൽ ചേരുന്നതിനെതിരെ മുന്നറിയിപ്പുമായി റഷ്യ രംഗത്തെത്തി. ഫിൻലൻഡുമായി റഷ്യ 1340 കിലോമീറ്റർ അതിർത്തി പങ്കിടുന്നുണ്ട്.നാറ്റോയിൽ ചേരുന്നതിൽ സ്വീഡനും അടുത്തയാഴ്ച തീരുമാനമെടുക്കും. ഇരുരാജ്യങ്ങളെയും സ്വാഗതം ചെയ്യുന്നതായി നാറ്റോ സെക്രട്ടറി ജനറൽ ജെൻസ് സ്റ്റോൾട്ടൻബെർഗ് പ്രതികരിച്ചു.

- മോദി ഭരണം

വികസിച്ചത് വിലമാത്രം

സ്വന്തം ലേഖകൻ

ന്യൂഡൽഹി

നരേന്ദ്ര മോദി ഭരണത്തിൽ രാജ്യത്ത് വികസിച്ചത് അവശ്യസാധനങ്ങളുടെയും ഇന്ധനത്തിന്റെയും വില. അന്താരാഷ്ട്ര വിപണിയിൽ ഇന്ധനവില കുറയുമ്പോൾ ഇന്ത്യയിൽ വില വർധിക്കുകയാണ്. പാചകവാതക വില 1000 കടന്നു. കഴിഞ്ഞ ദിവസം ഒറ്റയടിക്ക് 50 രൂപ കൂട്ടി. കൊച്ചിയിൽ 956.50 രൂപയായിരുന്ന ഗാർഹിക സിലിണ്ടറിന് 1006.50 രൂപയായി. തിരുവനന്തപുരത്ത് 1009 രൂപയും കോഴിക്കോട്ട് 1008.50 രൂപയുമായി. ഡൽഹിയിൽ 999 രൂപയാണ് വില. 2014ൽ അധികാരത്തിലെത്തിയ ഉടൻ മോദി സർക്കാർ 410 രൂപയായിരുന്ന പാചകവാതക വില വർധിപ്പിച്ചു. 2022 ആകുമ്പോൾ 827 രൂപ വരെയുണ്ടായിരുന്ന സബ്സിഡി പൂർണമായും അവസാനിപ്പിച്ചു. പൈപ്പ് വഴിയുള്ള പാചകവാതകത്തിനും വില കുത്തനെ കൂട്ടി. പിഎൻജിക്ക് യൂണിറ്റിന് 45.86 രൂപയാണ് ഡൽഹിയിലെ വില. വാഹന ഇന്ധനമായ സിഎൻജിക്കും അടിക്കടി വില വർധിപ്പിക്കുന്നു. ഒരു കിലോ സിഎൻജിക്ക് 71.61 രൂപയാണ് ഡൽഹിയിൽ. കൊച്ചിയിൽ 82.59 രൂപയും. 2014ൽ യഥാക്രമം 41.90 രൂപയും 50 രൂപയുമായിരുന്നു.

വിലവർധന 70 ശതമാനം

കഴിഞ്ഞ വർഷംമാത്രം രാജ്യത്തെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില 70 ശതമാനം വർധിച്ചു. പച്ചക്കറികൾക്ക് 20 ശതമാനവും പാചക എണ്ണയ്ക്ക് 23 ശതമാനവും ധാന്യങ്ങൾക്ക് എട്ട് ശതമാനവും വില വർധിച്ചു. ആട്ടയ്ക്ക് 9.15 ശതമാനം വർധിച്ചു. കയറ്റുമതിക്കാർക്കായി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളിലെ സംഭരണം അവസാനിപ്പിച്ചത് രാജ്യത്തെ കടുത്ത ഗോതമ്പ് ക്ഷാമത്തിലേക്ക് തള്ളിവിട്ടു.

ഒരു കിലോ ചിക്കൻ കറിക്ക് ചെലവ് 485 രൂപ !

പ്രതിവർഷം 10ശതമാനം എന്നതോതിൽ വിലകൂടി

ന്യൂഡൽഹി

വിലക്കയറ്റം രുചിയെയും ബാധിക്കുന്നു. മാംസാഹാരപ്രിയരുടെ ഇഷ്ടവിഭവമായ ചിക്കൻ കറി (ഒരു കിലോ) വയ്ക്കാൻ ഇപ്പോൾ 485 രൂപ വേണമെന്ന് കണക്കുകൾ. 'ചിക്കൻ കറി സൂചിക'യെന്നപേരിൽ ട്രൂബോർഡ് പാർട്നേഴ്സ് നടത്തിയ പഠനത്തിൽ ഓരോ വർഷവും പത്തുശതമാനമെന്ന നിലയിൽ കഴിഞ്ഞ അഞ്ചുവർഷവും കറി ചെലവ് (സംയുക്ത വാർഷിക നിരക്ക്) വർധിച്ചതായി കണ്ടെത്തി.

ഒരു കിലോ കോഴിയിറച്ചി കറിക്ക് വേണ്ട ഉള്ളി, തക്കാളി, ഇഞ്ചി, വെളുത്തുള്ളി, ഭക്ഷ്യ എണ്ണ, പാചകവാതകം തുടങ്ങി എല്ലാ ഘടകവും ഉൾപ്പെടുത്തിയാണ് ചെലവ് കണക്കാക്കിയത്.

ചിക്കൻ കറി സൂചികയിലെ വർധന ചില്ലറവിൽപ്പനമേഖലയിലെ പണപ്പെരുപ്പത്തിന്റെ ഭാഗമാണന്നും പഠനം ചൂണ്ടിക്കാട്ടുന്നു. 2017 മാർച്ചിൽ 300 രൂപയായിരുന്നു ചെലവ്. പനീർ മസാല പാകം ചെയ്യാനുള്ള ചെലവ് വർഷംതോറും ഏഴുശതമാനം വീതം വർധിക്കുന്നതായും പഠനം വ്യക്തമാക്കുന്നു.

57 രാജ്യസഭാ സീറ്റിൽ ജൂൺ 10ന് തെരഞ്ഞെടുപ്പ്

പ്രത്യേക ലേഖകൻ

ന്യൂഡൽഹി

പതിനഞ്ച് സംസ്ഥാനത്തെ 57 രാജ്യസഭാ സീറ്റിലേക്ക് ജൂൺ 10ന് തെരഞ്ഞെടുപ്പ് നടത്തും. ഉത്തർപ്രദേശ്– 11, തമിഴ്നാട്, മഹാരാഷ്ട്ര– ആറുവീതം, ബിഹാർ– അഞ്ച്, ആന്ധ്രപ്രദേശ്, കർണാടകം, രാജസ്ഥാൻ– നാലുവീതം, മധ്യപ്രദേശ്, ഒഡിഷ–മൂന്നുവീതം, തെലങ്കാന, ഛത്തീസ്ഗഢ്, പഞ്ചാബ്, ജാർഖണ്ഡ്, ഹരിയാന– രണ്ടുവീതം, ഉത്തരാഖണ്ഡ്– ഒന്ന് എന്നിങ്ങനെയാണ് ഒഴിവ്. മെയ് 24ന് തെരഞ്ഞെടുപ്പ് കമീഷൻ വിജ്ഞാപനം പുറത്തിറക്കും. 31 വരെ പത്രിക നൽകാം.

ധനമന്ത്രി നിർമല സീതാരാമൻ (കർണാടകം), വാണിജ്യമന്ത്രി പിയൂഷ് ഗോയൽ (മഹാരാഷ്ട്ര), ന്യൂനപക്ഷ ക്ഷേമ മന്ത്രി മുഖ്താർ അബ്ബാസ് നഖ്വി (ജാർഖണ്ഡ്), അൽഫോൺസ് കണ്ണന്താനം (രാജസ്ഥാൻ), കോൺഗ്രസ് നേതാക്കളായ കപിൽ സിബൽ (ഉത്തർപ്രദേശ്), പി ചിദംബരം (മഹാരാഷ്ട്ര), ജയ്റാം രമേശ് (കർണാടകം), അംബിക സോണി (പഞ്ചാബ്) തുടങ്ങിയവർ വിരമിക്കും. രാജ്യസഭയിൽ ബിജെപിക്ക് 95 ഉം, കോൺഗ്രസിന് 29 ഉം സീറ്റുണ്ട്. തെരഞ്ഞെടുപ്പിനുശേഷം ബിജെപിയുടെ അംഗബലത്തിൽ കാര്യമായ വർധനയുണ്ടാകില്ല. കോൺഗ്രസിന് സീറ്റ് കുറയും. കോൺഗ്രസിന്റെ പ്രമുഖ നേതാക്കൾക്ക് പലർക്കും വീണ്ടും രാജ്യസഭയിലെത്താനാകില്ല. പ്രാദേശിക കക്ഷികൾക്ക് സീറ്റ് കൂടും.

പണം തട്ടാൻ വ്യാജ റെയ്ഡ്; 4 സിബിഐ ഉദ്യോഗസ്ഥരെ പിരിച്ചുവിട്ടു

ചണ്ഡീഗഢ്

പണം തട്ടാൻ ഐടി സ്ഥാപനത്തിൽ വ്യാജ റെയ്ഡ് നടത്തിയ നാല് സിബിഐ ഉദ്യോഗസ്ഥഗർ പൊലീസ് പിടിയിലായി. ഇവരെ സർവീസിൽ നിന്ന് പിരിച്ചുവിട്ടതായി സിബിഐ ഡയറക്ടർ അറിയിച്ചു.ഡൽഹി യൂണിറ്റുകളിലെ സബ് ഇൻസ്പെക്ടർമാരായ സുമിത് ഗുപ്ത, പ്രദീപ് റാണ, അങ്കുർ കുമാർ, ആകാശ് അഹ്ലാവത് എന്നിവരാണ് അറസ്റ്റിലായത്. ഉന്നത ഉദ്യോഗസ്ഥർ അറിയാതെയാണ് ഇവർ ചണ്ഡീഗഢിൽ എത്തി പരിശോധന നടത്തിയത്. റെയ്ഡ് നടത്താൻ ഇവരെ ആരും നിയോഗിച്ചിരുന്നില്ല. സംശയം തോന്നിയ ഐടി സ്ഥാപനത്തിലെ ജീവനക്കാർ ഇവരെ തടഞ്ഞുവച്ച് പൊലീസിൽ ഏൽപ്പിക്കുകയായിരുന്നു.

- എൽഐസി ഓഹരിവിൽപ്പന

വരുമാനനഷ്ടം സുപ്രീംകോടതി പരിശോധിക്കും

പ്രത്യേക ലേഖകൻ

ന്യൂഡൽഹി

എൽഐസി ഓഹരിവിൽപ്പനയിലൂടെ പോളിസി ഉടമകൾക്ക് വരുമാനം നഷ്ടമാകുമെന്ന ഹർജി സുപ്രീംകോടതി പരിശോധിക്കും. ഹർജിയിൽ ജസ്റ്റിസുമാരായ ഡി വൈ ചന്ദ്രചൂഡ്, പി എസ് നരസിംഹ എന്നിവരടങ്ങിയ ഡിവിഷൻബെഞ്ച് കേന്ദ്ര സർക്കാരിന് നോട്ടീസയച്ചു. കേന്ദ്രം നാലാഴ്ചയ്ക്കകം വിശദീകരണം നൽകണം. വിൽപ്പന സ്റ്റേ ചെയ്യണമെന്ന ആവശ്യം കോടതി അംഗീകരിച്ചില്ല. പണബില്ലുകളുടെ ഭരണഘടനാ സാധുത ചോദ്യംചെയ്തുള്ള കേസിനൊപ്പം ഇത് പരിഗണിക്കും.

എൽഐസിയുടെ യഥാർഥ അവകാശികൾ പോളിസി ഉടമകളാണെന്നും ഭരണഘടനയുടെ 300എ വ്യവസ്ഥചെയ്യുന്ന ഉടമസ്ഥാവകാശം ഓഹരിവിൽപ്പന വഴി ലംഘിക്കപ്പെട്ടെന്നും ഹർജിക്കാരായ തോമസ് ഫ്രാങ്കോ, രാജേന്ദ്രദേവ് എന്നിവർക്കുവേണ്ടി മുതിർന്ന അഭിഭാഷക ഇന്ദിര ജയ്സിങ് ചൂണ്ടിക്കാട്ടി.

എൽഐസി ഓഹരിക്കമ്പോളത്തിന്റെ താൽപ്പര്യത്തിനായുള്ള കമ്പനിയാക്കി. എൽഐസിയുടെ ലാഭത്തിന്റെ 95 ശതമാനവും പോളിസി ഉടമകൾക്കായി വിതരണം ചെയ്തിരുന്നു. അഞ്ച് ശതമാനം സർക്കാരിനും ലഭിച്ചു. ഓഹരിവിൽപ്പനയോടെ ഇതിന് മാറ്റം വരികയാണെന്നും ഇന്ദിര ജയ്സിങ് പറഞ്ഞു. കേന്ദ്ര സർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ വെങ്കട്ടരാമൻ ഓഹരിവിൽപന പോളിസിഉടമകളുടെ അവകാശങ്ങൾ ലംഘിക്കുന്നതല്ലെന്ന് അവകാശപ്പെട്ടു.

ഹർജിക്കാർക്കുവേണ്ടി അഭിഭാഷക എസ് പ്രസന്നയും ഹാജരായി.

എട്ട് വർഷത്തെ ഏറ്റവും ഉയർന്ന വിലക്കയറ്റം

ഏപ്രിലിൽ പണപ്പെരുപ്പം 7.79 ശതമാനം

പ്രത്യേക ലേഖകൻ

ന്യൂഡൽഹി

രാജ്യത്ത് പണപ്പെരുപ്പം എട്ട് വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിൽ. കഴിഞ്ഞ മാസം ചില്ലറവിൽപ്പന വിപണിയിൽ 7.79 ശതമാനം പണപ്പെരുപ്പമായിരുന്നു. സാധനങ്ങളുടെ വില കുതിച്ചുയരുകയും പണത്തിന്റെ മൂല്യം ഇടിയുകയും ചെയ്യുന്ന അവസ്ഥയാണ് പണപ്പെരുപ്പം.

മാർച്ചിൽ 6.95 ശതമാനം പണപ്പെരുപ്പമുണ്ടായി.ഏപ്രിലിൽ വീണ്ടും ഉയർന്ന് 7.79 ശതമാനമായി. എട്ടുവർഷം മുമ്പ് 2014 മേയിൽ 8.33 ശതമാനം ആയിരുന്നു പണപ്പെരുപ്പം.

കഴിഞ്ഞ മാസം ഭക്ഷ്യവസ്തുക്കളുടെ പണപ്പെരുപ്പം ഏപ്രിലിൽ 8.38 ശതമാനമായി കുതിച്ചു; പച്ചക്കറിക്ക് 15. 41 ശതമാനമായി. ഇന്ധനമേഖലയിൽ 10.80 ശതമാനമായിരുന്നു പണപ്പെരുപ്പം. മാർച്ചിൽ പണപ്പെരുപ്പം അതിരുവിട്ടതിനെ തുടർന്ന് റിസർവ്ബാങ്ക് റിപ്പോനിരക്ക് 0.40 ശതമാനം ഉയർത്തി. ഗ്രാമീണ മേഖലയിൽ 8.38 ശതമാനവും നഗരങ്ങളിൽ 7.09 ശതമാനവും പണപ്പെരുപ്പമുണ്ടായി. ഭക്ഷ്യവസ്തു, പാചകഎണ്ണ, രാസവളം, ഇന്ധനം എന്നിവയുടെ വിലക്കയറ്റം ജീവിതം ദുരിതപൂർണമാക്കും. മാസങ്ങളായി വിലക്കയറ്റം രൂക്ഷമാണെങ്കിലും പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രതികരിക്കുന്നില്ല.

- രാജ്യദ്രോഹനിയമത്തിന്റെ ദുരുപയോഗം

ആറുവർഷത്തിൽ 326 കേസ് ശിക്ഷിച്ചത് ആറുപേരെ

മോദി സർക്കാർ അധികാരത്തിലെത്തിയശേഷം രാജ്യദ്രോഹകേസുകൾ കുതിച്ചുയർന്നു

മോദി സർക്കാർ അധികാരത്തിലെത്തിയതോടെ രാജ്യദ്രോഹനിയമം വ്യാപകമായി ദുരുപയോഗം ചെയ്യപ്പെട്ടതിന് ആഭ്യന്തര മന്ത്രാലയത്തിന്റെ കണക്കുകൾ തെളിവ്. 2014 മുതൽ 2019വരെ വ്യാപകമായി കേസെടുത്തെങ്കിലും ശിക്ഷ നാമമാത്രം. ആറു വർഷത്തിൽ 326 കേസെടുത്തു. ശിക്ഷിച്ചത് ആറു പേരെ. കോടതി കുറ്റക്കാരാണെന്ന് കണ്ടെത്തിയത് പ്രതികളിൽ 1.84ശതമാനംപേരെ മാത്രം. അന്വേഷണ ഏജൻസികൾ യഥാസമയം കുറ്റപത്രം നൽകി വിചാരണ തുടങ്ങാറില്ല. 326ൽ 142 കേസിലാണ് കുറ്റപത്രം നൽകിയത്(43.25ശതമാനം). 2014ൽ രജിസ്റ്റർ ചെയ്ത 47 കേസിൽ 33ലും കുറ്റപത്രം നൽകിയില്ല. കൂടുതൽ കേസ് അസമിലാണ്– 54. ഇതിൽ ഒരാളും ശിക്ഷിക്കപ്പെട്ടില്ല.

നിരവധി 'രാജ്യദ്രോഹ'കേസ് അപ്രസക്തമാകും

ബിജെപി സർക്കാർ എതിർസ്വരത്തിന് കൂച്ച്വിലങ്ങിടാൻ ഉപയോഗിച്ച നിയമമാണ് സുപ്രീംകോടതി മരവിപ്പിച്ചത്. സമൂഹമാധ്യമങ്ങളിൽ അഭിപ്രായം പറഞ്ഞതിന് പോലും നിരവധി പേരുടെ പേരിൽ രാജ്യദ്രോഹക്കുറ്റം ചുമത്തി. ഹാഥ്റസിൽ മാധ്യമപ്രവർത്തകരുൾപ്പെടെ 18 പേർക്കെതിരെ 22 കേസെടുത്തു.

പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രതിഷേധിച്ചതിന് 25 കേസിലായി 3700 പേരെ പ്രതി ചേർത്തു. ജാർഖണ്ഡിലെ പ്രക്ഷോഭത്തിന്റെ പേരിൽ ആദിവാസികൾക്കെതിരെയും കേസെടുത്തു. പട്ടീധാർ, ജാട്ട് സമരക്കാരെയും പ്രതികളാക്കി.

കർഷക സമരത്തെ പിന്തുണച്ച ആക്ടിവിസ്റ്റായ ദിഷാ രവിക്കെതിരെ രാജ്യദ്രോഹം ചുമത്തി. ജെഎൻയു വിദ്യാർഥികളായ ഉമർ ഖാലിദ്, കനയ്യ കുമാർ എന്നിവർക്കെതിരെ കേസെടുത്തു. പൗരത്വ നിയമഭേദഗതിക്കെതിരെ സംസാരിച്ച ഡോ. കഫീൽ ഖാൻ, ആദിവാസികൾക്കെതിരായ അതിക്രമത്തിൽ പ്രതികരിച്ച ഫാ. സ്റ്റാൻ സ്വാമി ചലച്ചിത്ര പ്രവർത്തക ആയിഷ സുൽത്താന തുടങ്ങിയവരെയും വേട്ടയാടി. 2010ൽ കശ്മീരിലെ പ്രക്ഷോഭത്തെ പിന്തുണച്ച അരുന്ധതി റോയിക്കെതിരെ ഇതേ കുറ്റം ചുമത്തി. ഇതേ വർഷം ഡോ. ബിനായക് സെനിനെ ജീവപര്യന്തം തടവിന് ശിക്ഷിച്ചു.

കർണാടകയിൽ സിഎഎ വിരുദ്ധ നാടകത്തിൽ 11 വയസ്സുള്ള മകൾ അഭിനയിച്ചതിന് അമ്മയുടെ പേരിൽ രാജ്യദ്രോഹക്കുറ്റം ചുമത്തി.

വർഷം	കേസ്	കുറ്റപത്രംനൽകിയത്	ശിക്ഷ ലഭിച്ചത്
2019	93	40	1
2018	70	38	2
2017	51	27	1
2016	35	17	1
2015	30	6	0
2014	47	14	1
ആകെ	326	142	6

- ഓർഡിനൻസ് ഇറക്കി കർണാടക

'മതംമാറ്റിയാൽ' 10 വർഷംവരെ തടവ്

- ഓർഡിനൻസ് ഇറക്കിയത് നിയമസഭാ കൗൺസിലിൽ ബിജെപിക്ക് ഭൂരിപക്ഷം ഇല്ലാത്തതിനാൽ

ബംഗളൂരു

നിയമസഭ ഡിസംബറിൽ പാസാക്കിയ വിവാദമായ മതപരിവർത്തന വിരുദ്ധ ബിൽ പ്രാബല്യത്തിൽ കൊണ്ടുവരാൻ ഓർഡിനൻസ് ഇറക്കി കർണാടകത്തിലെ ബിജെപി സർക്കാർ. നിയമസഭ പാസാക്കിയെങ്കിലും ബിൽ നിയമസഭാ കൗൺസിലിൽ എത്തിയിട്ടില്ല. കൗൺസിലിൽ ബിജെപിക്ക് ഭൂരിപക്ഷത്തിന് ഒരു സീറ്റ് കുറവുണ്ട്. ഈ സാഹചര്യത്തിലാണ് തിരക്കിട്ട് ഓർഡിനൻസ് ഇറക്കിയത്.

മതംമാറ്റ നടപടി അതിസങ്കീർണമാക്കുന്നതും കടുത്ത ശിക്ഷ നിർദേശിക്കുന്നതുമായ വ്യവസ്ഥകളാണ് ഓർഡിനൻസിൽ ഉള്ളത്. 'നിർബന്ധിത'മതപരിവർത്തനത്തിന് മൂന്ന് മുതൽ അഞ്ച് വർഷം വരെ തടവും 25,000 രൂപ പിഴയും ആണ് ശിക്ഷ.

പ്രായപൂർത്തിയാകാത്തവരെയോ സ്ത്രീകളെയോ പട്ടികവിഭാഗക്കാരെയോ മതം മാറ്റുന്നത് 10 വർഷം വരെ തടവും 50,000 രൂപ പിഴയും ലഭിക്കുന്ന കുറ്റമാക്കി. കൂട്ട മതപരിവർത്തനം മൂന്നു മുതൽ10 വർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും ലഭിക്കുന്ന കുറ്റമാക്കി.

വ്യാഴാഴ്ച ചേർന്ന മന്ത്രിസഭാ യോഗമാണ് ഓർഡിനൻസിന് അംഗീകാരം നൽകിയത്. മതസ്വാതന്ത്ര്യത്തിനുള്ള അവകാശ സംരക്ഷണനിയമമാണിതെന്ന് നിയമമന്ത്രി ജെ സി മധുസ്വാമി അവകാശപ്പെട്ടു. എന്നാൽ സർക്കാരിന്റെ തിരക്കിട്ടുള്ള ഓർഡിനൻസ് നീക്കത്തിൽ ശക്തമായ പ്രതിഷേധവുമായി പ്രതിപക്ഷം രംഗത്തെത്തി.

യുഎപിഎയും റദ്ദാക്കണമെന്ന ആവശ്യം ശക്തം

പ്രത്യേക ലേഖകൻ

ന്യൂഡൽഹി

ബ്രിട്ടീഷ്ഭരണകാലത്ത് കൊണ്ടുവന്ന രാജ്യദ്രോഹവകുപ്പ് സുപ്രീംകോടതി മരവിപ്പിച